പത്രക്കുറിപ്പ്
1–8–2017

# കുടുംബശ്രീ സംരംഭ മേഖല കോർപ്പറേറ്റ്‌വൽക്കരണത്തിനെതിരെയുള്ള ബദൽ സംവിധാനം:

## തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി ജലീൽ

തിരുവനന്തപുരം: ബിസിനസ് മേഖലയിൽ കോർപ്പറേറ്റ്‌വൽക്കരണത്തിനെതിരെയുള്ള ശക്തമായ ബദൽ സംവിധാനമാണ് കുടുംബശ്രീ സംരംഭ മേഖലയെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ പറഞ്ഞു. കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'കുടുംബശ്രീ ഒരു മാധ്യമ പരിപാടി' ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കോർപ്പറേറ്റുകൾ ആകർഷകമായ വിലക്കുറവ് കാണിച്ചുകൊണ്ട് വിപണി പിടിച്ചെടുക്കുകയും അതുവഴി ചെറുകിട സംരംഭകരെ ഇല്ലാതാക്കുകയുമാണ് ചെയ്യുന്നത്. ഇതിനെതിരെയുള്ള ശക്തമായ ചെറുത്തുനിൽപ്പിന്റെ ഉദാഹരണമാണ് കുടുംബശ്രീയുടെ സംരംഭ ശൃംഖല. കുടുംബശ്രീക്ക് നിലവിൽ 31,000 സൂക്ഷ്മസംരംഭങ്ങൾ ഉണ്ട്. ഈ വർഷം പുതുതായി 3000 സംരംഭങ്ങൾ കൂടി തുടങ്ങാനാണ് ലക്ഷ്യമിടുന്നത്. ഇതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴഞ്ഞു. എല്ലാ പഞ്ചായത്തുകളിലും കുടുംബശ്രീ ഉൽപന്നങ്ങൾ ലഭ്യമാകുന്ന സൂപ്പർമാർക്കറ്റുകൾ തുടങ്ങും. മെഡിക്കൽ ലാബ്, മെഡിക്കൽ സ്റ്റോറുകൾ, ഫിസിയോ തെറാപ്പി സെന്ററുകൾ എന്നിങ്ങനെയുള്ള വ്യത്യസ്ത സംരംഭങ്ങൾ തുടങ്ങുന്നതിന് കുടുംബശ്രീ കുടുംബാംഗങ്ങളായ പുതിയ തലമുറയിലെ കുട്ടികളുടെ വിദ്യാഭ്യാസവും നൈപുണ്യവും പ്രയോജനപ്പെടുത്തും. നൈപുണ്യ മികവിന്റെയും നേതൃപാടവത്തിന്റെയും സിരാകേന്ദ്രമായി കുടുംബശ്രീ മാറിയിരിക്കുന്നുവെന്നും മന്ത്രി വ്യക്തമാക്കി.

കേരളത്തിന്റെ വികസന ചരിത്രത്തിൽ കുടുംബശ്രീക്ക് അർഹമായ പ്രാധാന്യവും പരിഗണനയും നൽകാൻ മാധ്യമങ്ങൾക്ക് കഴിയണമെന്ന് ദേശാഭിമാനി റസിഡന്റ് എഡിറ്റർ പി.എം. മനോജ് പറഞ്ഞു. എല്ലാ വിധത്തിലുമുള്ള ദാരിദ്ര്യവും ഇല്ലാതാക്കാൻ പരിശ്രമിക്കുന്ന കുടുംബശ്രീക്ക് അർഹിക്കുന്ന സ്ഥാനം നൽകിയിട്ടുണ്ടോ എന്ന് മാധ്യമങ്ങൾ ആത്മപരിശോധന നടത്തണമെന്നും അദ്ദേഹം വ്യക്തമാക്കി.

രാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കുന്ന കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വിജയിപ്പിക്കാനുള്ള ഉത്തരവാദിത്വം മാധ്യമങ്ങൾക്കുണ്ടെന്ന് മലയാള മനോരമ ബ്യൂറോ ചീഫ് ജോൺ മുണ്ടക്കയം പറഞ്ഞു. കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്ക് എല്ലാ കാലത്തും മികച്ച പിന്തുണ നൽകിയിട്ടുണ്ടെന്നും ഹോംനഴ്സിങ്, വീടുകളുടെ ക്ലീനിങ് എന്നീ മേഖലകളിലും കുടുംബശ്രീ വനിതകൾ കടന്നുവരണമെന്നും അദ്ദേഹം പറഞ്ഞു. കുടുംബശ്രീയുടെ വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും മനോരമ ആഴ്ചപതിപ്പ് ശക്തമായ പിന്തുണ നൽകിയിട്ടുണ്ടെന്ന് മനോരമ ആഴ്ചപ്പതിപ്പ് എഡിറ്റർ കെ.എ. ഫ്രാൻസിസ് പറഞ്ഞു.

കേരളത്തിലെ സിനിമാ ലൊക്കേഷനുകളിൽ ഭക്ഷണവിതരണം നടത്താനുള്ള അവസരം കഫേ കുടുംബശ്രീ യൂണിറ്റുകൾക്കുണ്ടെന്ന് ഫിലിം പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ പ്രസിഡന്റ് സുരേഷ്കുമാർ പറഞ്ഞു.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ കുടുംബശ്രീ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾ അവതരിപ്പിച്ചു. എറണാകുളം ജില്ലയിലെ വനിത കെട്ടിട നിർമാണ യൂണിറ്റിലെ ബീനാമോൾ, സിനി സന്തോഷ്, ചന്ദ്രിക, ലിസി എന്നിവർ തങ്ങളുടെ വിജയാനുഭവ കഥകൾ പങ്കുവച്ചു.

മാധ്യമപ്രവർത്തകർ, അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി എ. സന്തോഷ്കുമാർ, കുടുംബശ്രീ പ്രോഗ്രാം ഓഫീസർമാരായ അമൃത ജി.എസ്, ബിനു ഫ്രാൻസിസ്, പ്രമോദ് കെ.വി, പ്രോഗ്രാം മാനേജർമാർ തുടങ്ങിയവർ പങ്കെടുത്തു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ സ്വാഗതവും പബ്ലിക് റിലേഷൻസ് ഓഫീസർ ജയന്തി നരേന്ദ്രൻ നന്ദിയും പറഞ്ഞു.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ